**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 225** **14-02-2024 - ൽ മറുപടിയ്ക്ക്**

**ജ്വാല, ട്രേസ് പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഒ . ആർ. കേളു, ശ്രീ. കെ. ബാബു (നെന്മാറ), ശ്രീ ഡി കെ മുരളി, ശ്രീ. എ. രാജ** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആവിഷ്കരിച്ച ജ്വാല പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | പട്ടികജാതി പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമത്തിന്റെ സുഗമമായ നടത്തിപ്പ് ലക്ഷ്യമാക്കി രൂപീകരിച്ചിരിയ്ക്കുന്ന ജ്വാല നിയമ സഹായ സെൽ, അഭിഭാഷക പരിശീലന പദ്ധതിയായ ലീഗൽ അസിസ്റ്റന്റ് എന്നിവയാണ് ജ്വാല പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടികജാതി വികസന വകുപ്പ് ഡയറക്ടറേറ്റിൽ നടപ്പിലാക്കി വരുന്ന രണ്ട് ക്ഷേമ പദ്ധതികൾ.<br><br>പൗരാവകാശ സംരക്ഷണ നിയമം (PCR), അതിക്രമം തടയൽ നിയമം (PoA) എന്നിവ മെച്ചപ്പെട്ട രീതിയിൽ നടപ്പിലാക്കുക, അതിക്രമത്തിനിരയാകുന്ന പട്ടികജാതിക്കാർക്ക് അടിയന്തര നിയമ സഹായം ലഭ്യമാക്കുക, അവർക്ക് ലഭ്യമാകേണ്ട ആശ്വാസ ധനസഹായം യഥാസമയം ലഭ്യമാക്കുക, ആവശ്യമായ മാനസിക പിന്തുണ നൽകുക, അതിക്രമവുമായി ബന്ധപ്പെട്ട ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് ജ്വാല ( Justice Welfare and Legal Assistance) നിയമ സഹായ സെൽ രൂപീകരിച്ചിട്ടുള്ളത്. ഒരു ലീഗൽ അഡ്വൈസർ, മൂന്ന് കാൾ സെന്റർ അസിസ്റ്റന്റുമാർ എല്ലാ ജില്ലകളിലും ഓരോ ലീഗൽ കൗൺസിലർമാർ എന്നിവരാണ് ജ്വാല നിയമ സഹായ സെല്ലിന്റെ ഭാഗമായി സേവനം അനുഷ്ഠിച്ചുവരുന്നത്.<br><br>പട്ടികജാതി വിഭാഗത്തിൽപെട്ട നിയമ ബിരുദധാരികളായ യുവതി യുവാക്കൾക്ക് പ്രായോഗിക പരിശീലനം നൽകി കരിയറിൽ മികവ് കൈവരിക്കുന്നതിനും മികച്ച അഭിഭാഷകരായി രൂപപ്പെടുത്തുന്നതിലൂടെ തങ്ങളുടെ പ്രൊഫഷനിൽ ഉന്നതിയിൽ എത്തിച്ചേരുന്നതിനും അവസരം ഒരുക്കുക, വകുപ്പിന്റെ നിയമാധിഷ്ഠിത സേവന പ്രവർത്തനങ്ങളിലും പദ്ധതികളിലും പങ്കാളിത്തം വഹിക്കുക എന്നീ ലക്ഷ്യങ്ങളോടെ ജില്ലാ കോടതികൾ, സ്പെഷ്യൽ കോടതികൾ, ഹൈക്കോടതി അഡ്വക്കേറ്റ് ജനറൽ/ ഗവൺമെന്റ് പ്ലീഡർ ഓഫീസ്, DLSA, KELSA, |

<table>
<tr><td></td><td></td><td></td><td>KIRTADS, എന്നിവിടങ്ങളിലായി 69 അഭിഭാഷകർക്ക് പരിശീലനം നൽകുന്ന പദ്ധതിയാണ് ലീഗൽ അസിസ്റ്റന്റ് പരിശീലന പദ്ധതി.<br><br>പട്ടികവർഗ്ഗ വികസന വകുപ്പിൽ ലീഗൽ ഇന്റേൺസ് ആയി നിലവിൽ 21 പേർ വിവിധ ഓഫീസുകളിൽ പ്രവർത്തിച്ചു വരുന്നുണ്ട്. 4 പേർക്കു കൂടി ഉടൻ നിയമനം നൽകും.</td></tr>
<tr><td>(ബി)</td><td>പ്രസ്തുത പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് എത്ര അഭിഭാഷകർ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;</td><td>(ബി)</td><td>ഒരു ലീഗൽ അഡ്വൈസർ, മൂന്ന് കാൾ സെന്റർ അസിസ്റ്റന്റുമാർ, 14 ലീഗൽ കൗൺസിലർമാർ, 69 ലീഗൽ അസിസ്റ്റന്റുമാർ എന്നിങ്ങനെ 87 അഭിഭാഷകരാണ് ജ്വാല പദ്ധതിയുടെ ഭാഗമായി നിലവിൽ പട്ടികജാതി വികസന വകുപ്പിൽ പ്രവർത്തിക്കുന്നത്.<br><br>പട്ടികവർഗ്ഗ വികസന വകുപ്പിൽ ലീഗൽ ഇന്റേൺസ് ആയി 21 പേർ പ്രവർത്തിച്ചു വരുന്നു.</td></tr>
<tr><td>(സി)</td><td>ട്രേസ് പദ്ധതിയുടെ ഭാഗമായി പ്രൊഫഷണൽ വിദ്യാഭ്യാസ യോഗ്യതയുള്ള എത്ര പട്ടികജാതി, പട്ടികവർഗ്ഗ യുവതി-യുവാക്കൾക്ക് ട്രേസ് വഴി തൊഴിൽ പരിശീലനം നൽകിയിട്ടുണ്ട് എന്ന് വിശദമാക്കാമോ?</td><td>(സി)</td><td>അഭ്യസ്ഥവിദ്യരായവരെ സർക്കാർ സംവിധാനത്തിൽ തൊഴിൽ പരിശീലനത്തിലും നൈപുണ്യവികസനത്തിനും പ്രവൃത്തി പരിചയത്തിനുമായി ഓണറേറിയം നൽകി വിവിധ വകുപ്പുകളിൽ നിയമിക്കുന്നതിനായി ഈ സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് TRACE (Training for Career Excellence).<br><br>പട്ടികജാതി വികസന വകുപ്പിന് കീഴിൽ ട്രേസ് പദ്ധതിയുടെ ഭാഗമായി തൊഴിൽ പരിശീലനം നൽകുന്നവരുടെ എണ്ണം ചുവടെ ചേർക്കുന്നു.<br><br>
<table>
<tr><th>ക്രമ നം</th><th>തസ്തിക</th><th>എണ്ണം</th></tr>
<tr><td>1</td><td>അക്രഡിറ്റഡ് എഞ്ചിനീയർ/ ഓവർസീയർ</td><td>300</td></tr>
<tr><td>2</td><td>ക്ലറിക്കൽ അസിസ്റ്റന്റ് പരിശീലനം ( Training programme for Clerical Assistants)</td><td>225 (തെരഞ്ഞെടുപ് പ്രക്രിയകൾ നടന്നു വരുന്നു.)</td></tr>
<tr><td>3</td><td>എസ്.സി പ്രൊമോർട്ടർ</td><td>1216</td></tr>
<tr><td>4</td><td>കമ്മ്യൂണിറ്റി സോഷ്യൽ വർക്കർ (CSW)</td><td>60</td></tr>
</table>
</td></tr>
</table>

പട്ടികവർഗ്ഗ വികസന വികസന വകുപ്പിന് കീഴിൽ ട്രേസ് പദ്ധതിയുടെ ഭാഗമായി തൊഴിൽ പരിശീലനം നൽകുന്നവരുടെ എണ്ണം ചുവടെ ചേർക്കുന്നു.

| ക്രമ നം | തസ്തിക | എണ്ണം |
|---|---|---|
| 1 | എസ്.ടി പ്രൊമോട്ടർ | 1182 |
| 2 | അക്രഡിറ്റഡ് എഞ്ചിനീയർ/ ഓവർസീയർ | 167 |
| 3 | മാനേജ്മെന്റ് ട്രെയിനി | 140 |
| 4 | സോഷ്യൽ വർക്കർ | 54 |
| 5 | സ്റ്റുഡന്റ്സ് കൗൺസിലർ | 49 |
| 6 | മെന്റർ ടീച്ചർ | 364 |
| 7 | ട്രൈബൽ പാരാമെഡിക്സ് | 82 |
| 8 | LLB Internship | 21 |
| | **ആകെ** | **2059** |

സെക്ഷൻ ഓഫീസർ